# റിസൽട്ട് നെഗറ്റീവ് ആകാതെ പുറത്തിറങ്ങരുത്

കോവിഡുമായി ബന്ധപ്പെട്ട് ആർ.റ്റി.പി.സി.ആർ ടെസ്റ്റിന് വിധേയരായിട്ടുള്ളവർ ടെസ്റ്റ് റിസൽട്ട് വരുന്നതിന് മുൻപ് പുറത്തിറങ്ങി നടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും കോവിഡ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യത്തിൽ ഇതോഴിവാക്കണമെന്നും ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് അറിയിച്ചു. ടെസ്റ്റ് നടത്തി റിസൽട്ട് നെഗറ്റീവാണെന്ന് തെളിഞ്ഞാൽ മാത്രമേ പുറത്തിറങ്ങി നടക്കാവു. കൂടാതെ ദിവസവും തൊഴിലിനായി ആതിഥി തൊഴിലാളികൾ വിവിധ ഭാഗങ്ങളിൽ കൂട്ടം കൂടി നിൽക്കുന്നത് രോഗ വ്യാപനത്തിന് വഴിവെയ്ക്കും ആയതിനാൽ ഇത് ഒഴിവാക്കേണ്ടതാണ്. ഇവരുടെ സേവനം ആവശ്യമുള്ളവർ താമസിക്കുന്ന സ്ഥലങ്ങളിൽ ചെന്ന് ഇവരെ കൂട്ടിക്കൊണ്ട് പോകേണ്ടതാണെന്നും എസ്.പി പറഞ്ഞു. കോവിഡ് നിയന്ത്രണം ലംഘിച്ചതുമായി ബന്ധപ്പെട്ട് ബുധനാഴ്ച റൂറൽ ജില്ലയിൽ 120 കേസുകൾ രജിസ്റ്റർ ചെയ്തു. 30 പേരെ അറസ്റ്റ് ചെയ്തു 4 വാഹനം കണ്ടു കെട്ടി. സാമൂഹ്യ അകലം പാലിയ്ക്കാത്തതിന് 2325 പേർക്കെതിരെയും മാസ്ക്ക് ധരിക്കാത്തതിന് 2010 പേർക്കെതിരെയും നടപടിയെടുത്തു.